**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 180** **01-09-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന്റെ അധികാരത്തിൽ ഇ.ഡി.യുടെ ഇടപെടൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ,<br>ശ്രീ വി ജോയി,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ. എം.വിജിൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് തെരഞ്ഞെടുപ്പ് പ്രക്രിയ അട്ടിമറിക്കാൻ കേന്ദ്രത്തിലെ ഭരണകക്ഷി കള്ളപ്പണം ഹവാല മാർഗ്ഗത്തിൽ കൊടകരയിൽ എത്തിച്ചത് സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസ്സിലെ അന്വേഷണ പുരോഗതി അറിയിക്കാമോ; പ്രസ്തുത കേസിൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് ഇതുവരെ അന്വേഷണം നടത്തുകയോ കേസ് രജിസ്റ്റർ ചെയ്യുകയോ ചെയ്തതായി അറിയാമോ; | (എ) | 2021-ൽ നടന്ന നിയമസഭാ തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് ബി.ജെ.പി. അനുഭാവിയും ബി.ജെ.പിയുടെ സംസ്ഥാന നേതാക്കളായ ശ്രീ.കെ.സുരേന്ദ്രൻ, ശ്രീ.എം.ഗണേഷ്, ശ്രീ.ഗിരീശൻ നായർ തുടങ്ങിയവരുമായി അടുത്ത ബന്ധം പുലർത്തിവരുന്നയാളുമായ ശ്രീ.ധർമ്മരാജൻ മുഖാന്തരം കോഴിക്കോട് എത്തിച്ച പണം അവിടെ നിന്നും വിതരണത്തിനായി ആലപ്പുഴയിലെ ബി.ജെ.പി ജില്ലാ ട്രഷറർ ആയ ശ്രീ.ഗോപാലകൃഷ്ണ കർത്തക്ക് കൈമാറു ന്നതിനായി കൊണ്ടുപോകുന്നതിനിടയിലാണ് കൊടകരയിൽ വെച്ച് പണം കവർച്ച ചെയ്യപ്പെട്ടത്. ഇത് സംബന്ധിച്ച് കൊടകര പോലീസ് സ്റ്റേഷൻ ക്രൈം നം.146/2021 u/s 395 IPC ആയ കേസിന്റെ അന്വഷണം തൃശ്ശൂർ റേഞ്ച് ഡി.ഐ.ജി. ശ്രീ. എ.അക്ബർ IPS-ന്റെ നേതൃത്വത്തിലുള്ള പ്രത്യേക അന്വേഷണ സംഘത്തിന് കൈമാറിയിട്ടുണ്ട്. അന്വേഷണത്തിനിടയിൽ കവർച്ചപ്പണം മൂന്നര കോടി രൂപ ആയിരുന്നു എന്ന് പരാതിക്കാരൻ ശ്രീ.ഷംജീറും പരാതിക്കാരന് പണം ഏൽപ്പിച്ച ധർമ്മ രാജനും (S/o ശ്രീ.വേലായുധൻ) മൊഴി നൽകിയിട്ടുള്ളതും തുടർന്ന് ഇന്ത്യൻ ശിക്ഷാനിയമത്തിലെ 412, 212, 120(B) എന്നീ വകുപ്പുകൾ കൂടി കൂട്ടിച്ചേർത്ത് അന്വേഷണം നടത്തി വരുന്നതുമാണ്. ഈ കേസിലെ 1 മുതൽ 22 വരെയുള്ള പ്രതികൾക്കെതിരെ 219 സാക്ഷികളെ ഉൾപ്പെടുത്തി കുറ്റപത്രം ഇരിങ്ങാലക്കുട JFCM കോടതി മുമ്പാകെ 23.07.2021-ൽ സമർപ്പിച്ചിട്ടുണ്ട്. കേസിൽ കൂടുതൽ തെളിവ് ശേഖരിച്ച് അന്വേഷണം നടത്തേണ്ടതുണ്ടെന്ന് കണ്ടതിനാൽ തുടരന്വേഷണത്തിനായി 23.09.2021-ൽ |

| | | | |
|---|---|---|---|
| | | | കോടതിയിൽ റിപ്പോർട്ട് നൽകി അന്വേഷണം നടത്തി വരുന്നു. അന്വേഷണത്തിൽ 10-ാം പ്രതിയുടെ ഭാര്യയായ, കേസിലെ 23-ാം പ്രതി ശ്രീമതി.ജിൻഷയെ അറസ്റ്റ് ചെയ്തിട്ടുണ്ട്. 12 ലക്ഷം രൂപയുടെ മുതലുകൾ കൂടി റിക്കവറി നടത്തിയിട്ടുള്ളതും മറ്റ് പ്രതികളെയും സാക്ഷികളെയും ബന്ധപ്പെടുത്തി ഊർജ്ജിതമായ അന്വേഷണം നടത്തി വരുന്നതുമാണ്. കവർച്ച സംബന്ധിച്ച കുറ്റകൃത്യത്തിനപ്പുറം ഇത്തരം പണത്തിന്റെ ഉറവിടം സംബന്ധിച്ച് കൂടുതൽ അന്വേഷണം നടത്തേണ്ടത് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് ആയതിനാൽ 01.06.2021-ന് ഒരു റിപ്പോർട്ടും ഈ കേസിന്റെ കുറ്റപത്രം സമർപ്പിച്ചതിനുശേഷം 02.08.2021-ന് മറ്റൊരു വിശദമായ റിപ്പോർട്ടും കൊച്ചിൻ എൻഫോഴ്സ്മെന്റ് ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. എന്നാൽ  പ്രസ്തുത കേസിൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് അന്വേഷണം നടത്തുകയോ കേസ് രജിസ്റ്റർ ചെയ്യുകയോ ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | പ്രിവെൻഷൻ ഓഫ് മണി ലോൺഡറിങ് ആക്ടിലെ 3-ാം വകുപ്പിൽ നിർവചിച്ച പ്രകാരമുള്ള കുറ്റകൃത്യമോ ഫെമ നിയമലംഘനമോ മാത്രം അന്വേഷിക്കാൻ അധികാരമുള്ള ഇ.ഡി. നിക്ഷിപ്ത താത്പര്യാർത്ഥം സംസ്ഥാന സർക്കാരിന്റെ പ്രവർത്തനങ്ങളെ ദുർബലപ്പെടുത്തുന്ന തരത്തിൽ ഇടപെടുന്നതായും അത്തരത്തിലുള്ള അധികാര ലംഘനം അന്വേഷിക്കാൻ ഇ.ഡി.ക്ക് അധികാരമുണ്ടെന്ന് ഒരു കേന്ദ്ര സഹമന്ത്രി ന്യായീകരിച്ചതായും ഉള്ള വാർത്ത പരിശോധിച്ചിരുന്നോ; വ്യക്തമാക്കുമോ; | (ബി) | ഇത് സംബന്ധിച്ച മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | ക്രമസമാധാനപാലനം സംസ്ഥാന വിഷയമായിരിക്കെ തങ്ങളുടെ അധികാര പരിധിയിൽപ്പെടാത്ത സഹകരണ ബാങ്കിലെ ക്രമക്കേട് അന്വേഷിക്കാൻ ഇ.ഡി. ഉദ്യോഗസ്ഥർ സി.ആർ.പി.എഫ്. മായി എത്തിയ വാർത്ത ശ്രദ്ധയിൽപ്പെട്ടിരുന്നോ; | (സി) | കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽ 10.08.2022, 25.08.2022 തീയതികളിൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് ഉദ്യോഗസ്ഥർ സി.ആർ.പി. എഫ്-ന്റെ സാന്നിദ്ധ്യത്തിൽ പരിശോധന നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. \| |
| (ഡി) | ഇ.ഡി. യും കേന്ദ്ര സഹമന്ത്രിയും സംസ്ഥാനത്തിന്റെ അധികാരത്തിൽ തുടർച്ചയായി ഇടപെടുന്നതായി പറയപ്പെടുന്ന നടപടി കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി നിയമനടപടികൾ സ്വീകരിക്കുന്ന കാര്യം പരിശോധിക്കുമോ? | (ഡി) | 2020 ഡിസംബർ 16-ന് , കേന്ദ്ര അന്വേഷണ ഏജൻസികളുടെ ചില നടപടികളെക്കുറിച്ചുള്ള അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ആവശ്യമെങ്കിൽ തുടർന്നുള്ള കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്തുന്നതും പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ